പതിമൂന്നാം കേരളനിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1688

14.12.2012-ൽ മറുപടിക്ക്.

തരിയോട് പഞ്ചായത്തിലെ തെരുവു വിളക്കുകൾ പ്രദർശിപ്പിക്കുന്നതിന് നടപടി.

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) | |
| (എ) | കൽപ്പറ്റ നിയോജക മണ്ഡലത്തിലെ തരിയോട് ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ തെരുവു വിളക്കുകൾ പ്രകാശിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള കേടായ വിളക്കുകൾ മാറ്റി സ്ഥാപിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ; | (ബി)&(സി) | തരിയോട് പഞ്ചായത്തിലെ ചില പ്രദേശങ്ങളിലെ തെരുവു വിളക്കുകൾ പ്രകാശിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ അവ എവിടെയെല്ലാം ആണെന്ന് കണ്ടെത്തിയിട്ടുള്ളതായും കേടായവ റിപ്പയർ ചെയ്യുന്നതിന് 2012-13 വർഷത്തിൽ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ എന്ന പേരിൽ 1,40,000/- രൂപയുടെ ഒരു പ്രോജക്ട് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിനായി അസി.എഞ്ചിനീയർ, KSEB പടിഞ്ഞാറെത്തറ, വയനാടിന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പഞ്ചായത്തിലെ തെരുവു വിളക്കുകൾ പ്രവർത്തന സജ്ജമാക്കുന്നതിനു നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ